**15 -ാം കേരള നിയമസഭ**

**16 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 1583** **03-02-2026 - ൽ മറുപടിയ്ക്ക്**

**കോഴിക്കോട് വിമാനത്താവളത്തിലെ റൺവേ എൻഡ് സേഫ്റ്റി ഏരിയ നിർമ്മാണത്തിന് സ്ഥലം ഏറ്റെടുക്കൽ**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. ടി. വി. ഇബ്രാഹിം | | ശ്രീ. കെ. രാജൻ<br>(റവന്യൂ-ഭവനനിർമ്മാണ വകുപ്പ് മന്ത്രി) | |
| (എ) | കോഴിക്കോട് വിമാനത്താവളത്തിലെ റിസ (റൺവേ എൻഡ് സേഫ്റ്റി ഏരിയ) നിർമ്മാണത്തിന് സ്ഥലം ഏറ്റെടുത്ത വകയിൽ ഇതുവരെ എത്ര പേർക്ക് പണം അനുവദിച്ചിട്ടുണ്ടെന്ന് വ്യക്തമാക്കുമോ; | (എ) | കോഴിക്കോട് അന്താരാഷ്ട്ര വിമാനത്താവളത്തിന്റെ റെസ (റൺവേ എൻഡ് സേഫ്റ്റി ഏരിയ) വികസനത്തിനായി ഭൂമി ഏറ്റെടുത്തതുമായി ബന്ധപ്പെട്ട് ഇതുവരെ 101 പേർക്ക് നഷ്ടപരിഹാരത്തുക അനുവദിച്ചിട്ടുണ്ട്. |
| (ബി) | റിസ (റൺവേ എൻഡ് സേഫ്റ്റി ഏരിയ) വികസനത്തിനായി സ്ഥലം ഏറ്റെടുത്തതിനെ തുടർന്ന് വീടുകളിലേക്കുള്ള വഴി നഷ്ടപ്പെട്ടവർക്ക് പകരം പുതിയ വഴികളും ക്രോസ് റോഡിന് പകരം റോഡും അനുവദിക്കുന്നതിന് സ്ഥലം ഏറ്റെടുക്കുന്ന പ്രവൃത്തി നിലവിൽ ഏത് ഘട്ടത്തിലാണെന്ന് വ്യക്തമാക്കുമോ; | (ബി) | കോഴിക്കോട് അന്താരാഷ്ട്ര വിമാനത്താവളത്തിന്റെ റെസ വികസനത്തിനായി ഭൂമി ഏറ്റെടുത്തതിനെ തുടർന്ന് ക്രോസ് റോഡ് ഇല്ലാതാകുന്നത് മൂലമുള്ള വഴി പ്രശ്നം പരിഹരിക്കുന്നതിനായി താരതമ്യേന കുറച്ച് ഭൂമിയും വീടുകളും ഏറ്റെടുത്ത് കൊണ്ട് ചുരുങ്ങിയ ചെലവിൽ 4.2 മീറ്റർ വീതിയിൽ റോഡ് നിർമ്മിക്കുന്നതിനായി 8.86 സെന്റ് ഭൂമി ഏറ്റെടുക്കുന്നതിന് വേണ്ടി ജില്ലാ കളക്ടർ സമർപ്പിച്ച പ്രൊപ്പോസൽ നിലവിൽ പൊതുമരാമത്ത് വകുപ്പിന്റെ പരിഗണനയിലാണ്. |
| (സി) | കോഴിക്കോട് വിമാനത്താവളത്തിന് പുതുതായി സ്ഥലം ഏറ്റെടുത്ത് കൊടുക്കുന്നതിനുള്ള ഏതെങ്കിലും പ്രപ്പോസൽ നിലവിലുണ്ടോ; എങ്കിൽ വിശദാംശം ലഭ്യമാക്കുമോ? | (സി) | 15.5 ഏക്കർ കാർപാർക്കിംഗ് ഉൾപ്പെടെ 2047 വർഷത്തോടുകൂടി കോഴിക്കോട് അന്താരാഷ്ട്ര വിമാനത്താവളത്തിന് വേണ്ടി 436 ഏക്കർ ഭൂമി ഏറ്റെടുക്കുന്നതുമായി ബന്ധപ്പെട്ട മാസ്റ്റർ പ്ലാൻ ലഭ്യമായത് പ്രകാരം എൽ.എ.എയർപോർട്ട് സ്പെഷ്യൽ ഡെപ്യൂട്ടി കളക്ടറുടെ കാര്യാലയത്തിലെ ജീവനക്കാരും എയർപോർട്ട് അതോറിറ്റിയുടെ ടെക്നിക്കൽ ടീമും സംയുക്ത പരിശോധന നടത്തിയിരുന്നു. 15.5 ഏക്കർ കാർപാർക്കിംഗിന് സ്ഥലമെടുക്കുന്നതിലേക്ക് പെഗ്മാർക്ക് ചെയ്യുന്നതിനെ ഭൂവുടമകൾ തടസ്സപ്പെടുത്തിയതിനാൽ പെഗ്മാർക്കിംഗ് നടന്നിട്ടില്ലാത്തതാണ്. |

സെക്ഷൻ ഓഫീസർ